**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139** **01.11.2019 ൽമറുപടിയ്ക്ക്**

## സുരക്ഷാമിത്ര പദ്ധതി

| | ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.പി. ഉണ്ണി<br>„ ബി.സത്യൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്കൂൾ ബസുകളെ തത്സമയം നിരീക്ഷിക്കുന്നതിനും യാത്ര സുരക്ഷിതമാക്കുന്നതിനും സ്കൂൾ ബസുകളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിക്കുന്ന സുരക്ഷാമിത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സുരക്ഷാമിത്ര പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | സുരക്ഷാമിത്ര പദ്ധതിയ്ക്കായി പ്ലാൻ ഫണ്ടിൽ നിന്നുമാണ് തുക വകയിരുത്തിയിട്ടുള്ളത്. ഇതുവരെ പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | സ്കൂൾ ബസുകളുടെ ഫിറ്റ്നസ് പരിശോധന കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (സി) | സ്കൂൾ കുട്ടികളെ കയറ്റുന്ന വാഹനങ്ങൾക്ക് ഉണ്ടായ അപകടങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ പുറത്തിറക്കിയ സ.ഉ.(പി) 25/2012/ഗതാ. നമ്പർ ഉത്തരവിൽ പ്രതിപാദിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കുന്ന വാഹനങ്ങൾക്ക് മാത്രമെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നുള്ളൂ. ഇതു കൂടാതെ എല്ലാ സ്കൂൾ വർഷാരംഭത്തിലും മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ സ്കൂളിലെത്തി വാഹനങ്ങളുടെ ക്ഷമത പുന:പരിശോധന നടത്തി നിബന്ധനകളെല്ലാം പാലിക്കുന്നു എന്ന് ഉറപ്പുവരുത്തി അത്തരം വാഹനങ്ങൾക്ക് സ്റ്റിക്കർ പതിച്ചുനൽകുകയും ചെയ്യുന്നുണ്ട്. |
| (ഡി) | സ്കൂൾ വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് ആവശ്യമായ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | സ്കൂൾ ബസ് ഡ്രൈവർമാർക്കും സ്കൂൾ കുട്ടികളെ കയറ്റുന്ന മറ്റു വാഹനങ്ങളിലെ ഡ്രൈവർമാർക്കും ഇടയ്ക്കിടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. സ്കൂൾ മാനേജ്മെന്റിന്റെയും മാതാപിതാക്കളുടേയും സഹകരണം ഇക്കാര്യത്തിൽ ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**